# റിപ്പോർട്ട്

കേരളത്തിലെ തൊഴിലാളി വർഗ്ഗത്തിന്റെ, പ്രത്യേകിച്ച് KSEB യിലെ ജനാധ്യപത്യ വിശ്വാസികളുടെ കരുത്തുറ്റ സംഘടനയായ INTUC ക്ക് അടിത്തറ പാകിയ നേതാവായിരുന്നു എം.എസ്.റാവുത്തർ. അദ്ദേഹത്തിന്റെ 6-ാം ചരമ വാർഷിക അനുസ്മരണം ആചരിക്കുന്ന വേളയിൽ, അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ ഈ സ്മാരക മന്ദിരവും റിപ്പോർട്ടും സമർപ്പിക്കുന്നു.

വൈദ്യുതി മേഖലയിലെ ഐ.എൻ.റ്റി.യു.സി പ്രസ്ഥാനത്തിന് അടിത്തറ പാകിയ എം.എസ്.റാവുത്തർ, കാസർഗോഡ് മുതൽ പാറശ്ശാല വരെയുള്ള 75 ഡിവിഷൻ കമ്മിറ്റികൾക്ക് രൂപം നൽകിയതോടെയാണ് KEEC (INTUC) ഒരു കേഡർ സംഘടനയായി മാറിയത്. അദ്ദേഹം നൽകിയ അടിത്തറ വളർത്തി വലുതാക്കിയാണ് അദ്ദേഹത്തിന്റെ മരണത്തിനുശേഷം നടന്ന റഫറണ്ടത്തിൽ രണ്ടാമത്തെ സംഘടനയായി, 25% വോട്ടോടെ അംഗീകാരം ലഭിച്ചത്. അദ്ദേഹത്തോട് ഞങ്ങൾക്കുള്ള കടപ്പാടിന്റെ ഭാഗമാണ് അദ്ദേഹത്തിന്റെ നാമത്തിൽ അനന്തപുരിയുടെ ഹൃദയ ഭാഗത്ത് എം.എസ്.റാവുത്തർ സ്മാരകമന്ദിരം പൂർത്തികരിച്ചിരിക്കുന്നത്. ഇതിന്റെ ഉത്ഘാടനം KSEB യിലെ INTUC യുടെ സ്ഥാപക നേതാവും കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയുമായ ശ്രീ.ഉമ്മൻചാണ്ടി നിർവ്വഹിക്കുന്നതിൽ ഞങ്ങൾ അതീവ സന്തുഷ്ഠരാണ്.

KSEB യിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ശമ്പള പരിഷ്ക്കരണം നൽകിയിട്ടുള്ളത് UDF സർക്കാരുകളാണ്. 1995 ൽ യശ്ശശരീരനായ ശ്രീ.ജി.കാർത്തികേയൻ നൽകിയ ശമ്പള പരിഷ്ക്കരണത്തിന്റെ നേട്ടമാണ് സ്ഥാപക പ്രസിഡന്റായിരുന്ന ശ്രീ.വി.പിമരയ്ക്കാരുടെ പേരിൽ ശ്രീ.എം.എസ്.റാവുത്തർ വാങ്ങിയ വി.പി.മരയ്ക്കാർ സ്മാരകമന്ദിരം. പല പ്രതിസന്ധികളും വ്യക്തിഹത്യകളും അക്കാലത്ത് വിമതർ നടത്തിയെങ്കിലും അതൊന്നും തെല്ലും വകവയ്ക്കാതെ വി.പി.മരയ്ക്കാർ സ്മാരകമന്ദിരം എം.എസ്.റാവുത്തർ പൂർത്തികരിച്ചത്.

2013 സെപ്തംബർ 27 ന് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു. അദ്ദേഹത്തോടുള്ള സ്നേഹാദരവ്, ഇന്നും ഞങ്ങൾ തുടരുന്നു. “ഇല്ലാ ഇല്ലാ മരിച്ചിട്ടില്ല ജീവിക്കുന്നു ഞങ്ങളിലൂടെ” എന്ന മുദ്രാവാക്യവും മുറുകിപ്പിടിച്ചാണ് ഞങ്ങളുടെ മുന്നോട്ടുള്ള പ്രയാണം. വ്യക്തിഹത്യകളും അപവാദ പ്രചരണങ്ങളും തള്ളിക്കളഞ്ഞ്, എല്ലാ പ്രതിസന്ധികളേയും മറികടന്നാണ് ഈ സ്മാരകമന്ദിരം ഇന്നിവിടെ പൂർത്തികരിച്ചിരിക്കുന്നത്. ഈ മന്ദിരത്തിന്റെ ശിലാസ്ഥാപന കർമ്മം ബഹു.കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി അംഗം ശ്രീ.എ.കെ ആന്റണി 14.6.2017 ൽ നിർവ്വഹിച്ചു. പിന്നീട് ചില പ്രതിലോമ ശക്തികൾ നിർമ്മാണ പ്രവർത്തനങ്ങൾ തടയാൻ ബാങ്ക് അക്കൗണ്ട് മരവിപ്പിക്കുന്നതുൾപ്പടെയുള്ള നീക്കങ്ങൾ നടത്തിയെങ്കിലും യശ്ശശരീരനായ എം.എസ്.റാവുത്തറുടെ ആത്മാവ് പ്രതിസന്ധി ഘട്ടങ്ങളിൽ ഞങ്ങൾക്ക് തുണയായതും, സത്യമേ വിജയിക്കൂ എന്ന മഹത് വചനത്തിന്റെ പൂർത്തീകരണമാണ് ഇന്നിവിടെ യാഥാർത്ഥ്യമാകുന്നത്.

2016 ലെ ശ്രീ.ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ശ്രീ.ആര്യാടൻ മുഹമ്മദ് വൈദ്യുതി മന്ത്രിയായിരിക്കുമ്പോൾ ലഭിച്ച മെച്ചപ്പെട്ട ശമ്പള പരിഷ്ക്കരണമാണ് ഇന്നീ സ്മാരക മന്ദിരത്തിന്റെ പൂർത്തീകരണത്തിന് നിദാനമായത്. ശമ്പളപരിഷ്ക്കരണം നടക്കുമ്പോൾ ഇടതുപക്ഷ സംഘടനകളും മറ്റും ഒരുമാസത്തെ വർദ്ധനവ് വാങ്ങാറുണ്ട്. ഇടത് സംഘടനകൾക്ക് കോടികൾ ലഭിക്കുന്നിടത്ത് INTUC തുച്ഛമായ തുകയാണ് മുമ്പൊക്കെ കിട്ടിയിരുന്നത്. 2016 ലെ ശമ്പള പരിഷ്ക്കരണത്തിൽ ഞങ്ങൾ ഒരു പുതിയ സംവിധാനം ഏർപ്പെടുത്തിയതുവഴി 18728273/- രൂപ സമാഹരിക്കാൻ കഴിഞ്ഞു. പ്രതിപക്ഷത്തായിരുന്നിട്ടുപോലും എം.എസ്.റാവുത്തർ സ്മാരക മന്ദിരത്തിനായി ഡിക്ലറേഷൻ ഫോമിലൂടെ ബാങ്ക് മുഖേന അക്കൗണ്ടിൽ പണം സമാഹരിക്കാൻ സാധിച്ചുവെന്നുള്ളത് നമുക്കുമാത്രം അവകാശപ്പെട്ടതാണ്.

എം.എസ്.റാവുത്തറുടെ വേർപാടിനുശേഷം അദ്ദേഹത്തിന്റെ പേരിൽ നിരവധി സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള സംഘടനയാണിത്, ഒരു ബ്ലഡ് ഡോണേഷൻ ഫോറമുണ്ട്. എല്ലാവർഷവും റാവുത്തർ അനുസ്മരണത്തിൽ രക്തദാന ക്യാമ്പ് സംസ്ഥാനത്തിലുടനീളം സംഘടിപ്പിക്കാറുണ്ട്. 500 ഓളം പാവപ്പെട്ടവർക്ക് സംഘടനയുടെ ചിലവിൽ എം.എസ്.റാവുത്തറുടെ പേരിൽ സൗജന്യ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി ഒരു വീട് ചാലക്കുടിയിൽ നൽകി. മറ്റൊരു വീടിന്റെ പണി ആലപ്പുഴയിൽ പുരോഗമിക്കുന്നു. KPCC യുടെ 1000 വീട് ഭവന പദ്ധതിയിൽ ഒരു വീടിനുള്ള തുക നൽകി. അടുത്ത 2 വീടുകളുടെ തറക്കല്ലിടൽ ചടങ്ങ് ആദരണീയനായ **ശ്രീ.രാഹുൽ ഗാന്ധിയുടെ** സൗകര്യാർത്ഥം നടത്തുന്നതാണ്. ട്രസ്റ്റിന്റെ പേരിൽ രണ്ട് ജീവനക്കാർക്ക് കിഡ്നി മാറ്റിവയ്ക്കുന്നതിലേക്ക് 500000/- രൂപയും 50000/- രൂപയും യഥാക്രമം നൽകി. ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ച കെ.എസ്.ഇ.ബി ജീവനക്കാർക്ക് യൂണിയൻ ഭേദമന്യേ സഹായം നൽകി. സംഘടനയുടെ ഫണ്ടിൽനിന്നും ഇന്ദിരാ ഭവന്റെ പുനർ നിർമ്മാണത്തിന് 2 ലക്ഷം രൂപയും ഒരു വർഷം മുമ്പ് പ്രവർത്തന ഫണ്ടിലേക്ക് ഒരു ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിലാണ് എം.എസ്. റാവുത്തർ മെമ്മോറിയൽ ട്രസ്റ്റിന് രൂപം നൽകാൻ KEEC തീരുമാനിച്ചത്. 10.8.2016 ൽ ട്രസ്റ്റ് രൂപീകരിച്ചു. ട്രസ്റ്റിന്റെ അക്കൗണ്ടിലേക്ക് 1.50 കോടി രൂപ KEEC സംഭവാന നൽകി. ട്രസ്റ്റിന്റെ പേരിൽ 5.170 സെന്റ് സ്ഥലം വാങ്ങി. ഫെയർ വാല്യൂ 25 ലക്ഷമുള്ള വസ്തു ട്രസ്റ്റിനുവേണ്ടി സെന്റൊന്നിന് 18.60 ലക്ഷം രൂപക്ക് ആയുർവ്വേദ കോളേജിന് പിറകിലും വി.പി മരയ്ക്കാർ സ്മാരക മന്ദിരത്തിന് സമീപം നഗരഹൃദയത്തിൽ വാങ്ങാൻ സാധിച്ചു. 5 സെന്റിന്റെ മാത്രം വിലമാത്രം നൽകിയാൽ മതിയെന്ന് ഉടമസ്ഥൻ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ 93 ലക്ഷം രൂപ വസ്തുവിനും രജിസ്ട്രേഷൻ ഫീസ് 9.30 ലക്ഷം രൂപയും ചേർത്ത് ആകെ 10230000/- രൂപയ്ക്ക് ട്രസ്റ്റിന്റെ പേരിൽ സ്ഥലം വാങ്ങി. ബാക്കി തുകയായ 38 ലക്ഷം രൂപയോടൊപ്പം ഇവിടെ ഈ സംഘടനയിലെ അംഗങ്ങൾ വീണ്ടും സംഭാവന നൽകിയാണ് 46 ലക്ഷം രൂപയുടെ ഈ കെട്ടിടം പൂർത്തിയായത്. ഇവിടെയാണ് INTUC യുടെ കരുത്തനായ നേതാവായ എം.എസ്.റാവുത്തറുടെ പേരിലുള്ള സ്മാരക മന്ദിരം, പൂർത്തീകരിച്ചത്. ഇവിടെ

ശ്രീചിത്ര, RCC ഉൾപ്പടെയുള്ള ആശുപത്രികളിൽ ചികിത്സാർത്ഥം വരുന്നവർക്കും വൈദ്യുതി ഭവനിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന ജീവനക്കാർക്കും താമസ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല മനോഹരമായ കോൺഫറൻസ് ഹാളും വാഹന പാർക്കിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ആകെ സമാഹരിച്ച 1.87 കോടിയിൽ ട്രസ്റ്റിന് നൽകിയ 1.50 കഴിഞ്ഞ ബാക്കി തുകയിൽ നിന്നും വിവിധ ഡിവിഷനുകൾക്ക് അവരുടെ പ്രവർത്തനത്തിനായി ഷെയർ ആയ 30 ലക്ഷം രൂപ ഇവിടെ നിന്നും തിരിച്ച് നൽകി. ഒരു സംഘടന ആദ്യമായാണ് താഴേത്തട്ടിലേക്ക് വിഹിതം കൈമാറുന്നത്.

എം.എസ്. റാവുത്തർ സ്മാരക മന്ദിരം നിർമ്മാണത്തിലേയ്ക്കായി പുറത്തുനിന്നും യാതൊരു സംഭാവനകളും സ്വീകരിച്ചിട്ടില്ല. ഈ മന്ദിരത്തിന്റെ പ്ലാനിന്റെ initial work നടത്തിയതും super vision നടത്തിയതും തൃശ്ശൂർ ജില്ലാ സെക്രട്ടറി ശ്രീ.ദിലീപ് (സബ് എഞ്ചിനീയർ, സിവിൽ) അതോടൊപ്പം പ്ലാൻ, 3D തുടങ്ങിയ കാര്യങ്ങൾ ഭംഗിയായി ചെയ്തത് സംസ്ഥാന ഭാരവാഹി ശ്രീ.സതീഷ്കുമാറിന്റെ മകൾ കുമാരി സിയ.എം.സതീഷ്കുമാർ ആണ്. നിർമ്മാണ ജോലികൾ super vision നടത്തിയ ശ്രീ.ലിയാമുദ്ദീൻ, നൂറുദ്ദീൻ.എം, കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ, KSEB, വാട്ടർ അതോറിറ്റി, കോർപ്പറേഷനിൽ നിന്നും permit ലഭിക്കുന്നതിന് സഹായിച്ച സംസ്ഥാന ഭാവാഹി ബിജു.എസ്, ഇതിനെല്ലാം പുറമേ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിക്കുന്നതിന് കെ.പി.ധനപാലൻ എ.ഷാഹുൽ ഹമീദ്, വി.സുധീർ കുമാർ, കെ.എൻ.മോഹനൻ, ബി.ശ്രീകുമാർ, ആർ.അജിത്കുമാർ എന്നിവർ നയിക്കുന്ന KEEC യുടെ സംസ്ഥാന നേതൃത്വം, ജില്ലാ/ഡിവിഷൻ ഭാരവാഹികൾ, മെമ്പർമാർ സർവ്വോപരി എല്ലാ പ്രവർത്തനത്തിനും ധീരമായ നേതൃത്വം നൽകിയ സിബിക്കുട്ടി ഫ്രാൻസിസിനോടും നിലവിലുള്ള ഓഫീസ് സ്റ്റാഫുകളായ പ്രദീപിനും, വിജയകുമാറിനും, എല്ലാ കാര്യത്തിലും 100% സഹകരിച്ച് ഈ മന്ദിര നിർമ്മാണം പൂർത്തികരിച്ച കോൺട്രാകടർ ശ്രീ.ആർ.എസ്.സുജിത്തിനും അദ്ദേഹത്തിന്റെ എല്ലാ തൊഴിലാളികളികൾക്കും പുതിയ കെട്ടിടത്തിനാവശ്യമായ ഫർണിച്ചർ, ഫാൻ, ടെലിവിഷൻ, AC, തുടങ്ങിയ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയ ജില്ലാ കമ്മിറ്റികളോടും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

അതോടൊപ്പം ഖേദകരമായ ഒരു കാര്യം ഇവിടെ സ്മരിക്കാതെ പോകുന്നത് ശരിയല്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കേരളത്തിലെ INTUC പ്രസ്ഥാനത്തിന്റെ അമരക്കാരനിൽനിന്നും ഞങ്ങൾക്ക് നേരിടേണ്ടി വന്നിട്ടുള്ളത് കടുത്ത യാതനയും പീഡനങ്ങളുമാണ്. വൈദ്യുതി ബോർഡിലെ INTUC ക്കാരിൽ 90 ശതമാനത്തോളം അംഗബലമുള്ള, കെ.പി.ധനപാലൻ നയിക്കുന്ന ഞങ്ങളുടെ സംഘടനയ്ക്ക് പാർട്ടി നേതൃത്വത്തിന്റെ പരിപൂർണ്ണ പിന്തുണ അനിവാര്യമാണ്.

നിലവിലുള്ള യൂണിയൻ ഓഫീസ് കെട്ടിടത്തിൽ 2 ജീവനക്കാർ ഉൾപ്പടെ എല്ലാ സൗകര്യങ്ങളും ഇപ്പോഴും നിലനിർത്തി പോരുന്നു.